പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1091 — 01.07.2015 ൽ മറുപടിയ്ക്ക്

**സംസ്ഥാന സ്കൂൾ കലോൽസവത്തിൽ അപ്പീൽ വഴി പങ്കെടുക്കുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവ്.**

ചോദ്യം — ഉത്തരം

ശ്രീ.കെ.വി.അബ്ദുൾ ഖാദർ — ശ്രീ.പി.കെ..അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇക്കഴിഞ്ഞ അദ്ധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കലോൽസവത്തിൽ വിവിധ മത്സരങ്ങളിലായി എത്ര കുട്ടികൾ പങ്കെടുത്തു; | (എ) | 15266 കുട്ടികൾ പങ്കെടുത്തു; |
| (ബി) | ഇതിൽ ജില്ലാ മത്സരങ്ങളിൽ വിജയിച്ച് അർഹത നേടിയവർ എത്രയായിരുന്നു; അപ്പീൽ വഴി പങ്കെടുത്തവരുടെ എണ്ണമെത്ര; | (ബി) | ജില്ലാ മത്സരങ്ങളിൽ വിജയിച്ച് അർഹത നേടിയവർ 8991.<br><br>അപ്പീൽ വഴി പങ്കെടുത്തവർ 6275 |
| (സി) | വർഷം പ്രതി അപ്പീലുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് കലോത്സവത്തെ എങ്ങനെയെല്ലാം പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (സി) | അപ്പീലുകൾ ക്രമാതീതമായി വർദ്ധിക്കുന്നത് കലോൽസവത്തിന്റെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിച്ചിട്ടുണ്ട്. പല മത്സര ഇനങ്ങളും രാപ്പകലെന്യേ നീളുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ കലോത്സവത്തിൽ ചില മത്സരങ്ങൾ പൂർത്തിയാക്കുന്നതിന് 24 മണിക്കൂറിലും കൂടുതൽ സമയം എടുത്തിട്ടുണ്ട്. ഇത് മത്സര നടത്തിപ്പിനെയും മത്സരാർത്ഥികളെയും, വിധികർത്താക്കളെയും വളരെയധികം ബുദ്ധിമുട്ടിച്ചിട്ടുണ്ട്. |
| (ഡി) | അപ്പീലുകളുടെ ബാഹുല്യം സംബന്ധിച്ച് ഹൈക്കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഹൈക്കോടതി പരാമർശം വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |

...2

| | | | |
|---|---|---|---|
| (ഇ) | അപ്പീലുകളുടെ എണ്ണം കുറയ്ക്കുന്നതിനും കലോൽസവം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കലോത്സവ മാന്വലിൽ മാറ്റം വരുത്തുവാൻ ഉദ്ദേശ്യമുണ്ടോ? | (ഇ) | കലോത്സവ മാന്വലിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ